പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1739 — 06.03.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

ചോദ്യം
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനമെത്തിക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്ന അടിസ്ഥാന തൊഴിലാളി വർഗ്ഗമായ കണ്ടക്ടറുടെയും ഡ്രൈവറുടെയും ന്യായമായ ആനുകൂല്യങ്ങൾ യഥാസമയം നൽകാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിലെ അടിസ്ഥാന വർഗ്ഗത്തിന്റെ പല ആനുകൂല്യങ്ങളും മാനേജ്മെന്റ് നല്കാതിരിക്കുന്നത് ആത്മാർത്ഥമായി തൊഴിൽ ചെയ്യുന്നതിന് തടസ്സമാവുന്നുണ്ടെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ; | (ബി) | തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്യുന്നതിൽ ആത്മാർത്ഥത കുറവ് തൊഴിലാളികളുടെ ഭാഗത്തുനിന്ന് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ഒരു സാഹചര്യം ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. |
| (സി) | ഇവരുടെ ന്യായമായ ആവശ്യങ്ങളടങ്ങുന്ന ആവലാതികൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | (സി) | തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളടങ്ങുന്ന ആവലാതികൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചകളിൽ മാനേജ്മെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**